പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:837 28.09.2011- ലെ മറുപടി

ഇടുക്കി നിയോജകമണ്ഡലത്തിലെ നിലച്ചുപോയ ബസ് സർവ്വീസുകൾ

ചോദ്യം ഉത്തരം

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഇടുക്കി നിയോജകമണ്ഡലത്തിലെ വിവിധ റൂട്ടുകളിൽ സർവ്വീസ് നടത്തിയിരുന്ന പല കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളും നിലച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) യും (ബി) യും | തൊടുപുഴ യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന 0620 ആനക്കയം സർവ്വീസിന്റെ 0830 കട്ടപ്പന ട്രിപ്പ് മാത്രം വരുമാനം വളരെ കുറവായത് കാരണം താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം കട്ടപ്പന യൂണിറ്റിലെ 3 സർവ്വീസുകൾ താൽക്കാലികമായി അയക്കാറില്ല. |
| (ബി) | ഇപ്രകാരം തൊടുപുഴ ഡിപ്പോ, കട്ടപ്പന സബ് ഡിപ്പോകളിൽ നിന്ന് സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സ് സർവ്വീസുകളാണ് നിലച്ചുപോയത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ;; | | |
| (സി) | ഇപ്രകാരം നിലച്ചുപോയ ദീർഘദൂര ബസ് സർവ്വീസുകൾ ഏതെല്ലാമാണ്; | (സി) | സ്ഥിരമായി ഒരു ദീർഘദൂര സർവ്വീസും ക്യാൻസൽ ചെയ്യാറില്ല. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് കാരണം കട്ടപ്പന യൂണിറ്റിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന 0715 ഹരിപ്പാട്, 0620 എറണാകുളം, 0730 കമ്പംമെട്ട് എന്നീ സർവ്വീസുകൾ ചില ദിവസങ്ങളിൽ അയക്കാൻ സാധിക്കാറില്ല. |
| (ഡി) | നിലച്ചുപോയ പ്രസ്തുത ബസ് സർവ്വീസുകൾ പുനഃരാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | ബസ്സുകളും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസുകൾ പൂർണ്ണമായി ഓപ്പറേറ്റ് ചെയ്യുന്നകാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ